"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആറ്റുകാൽ പൊങ്കാല മഹോത്സവം - 2020-21 വർഷത്തെ കുടിശ്ശിക ബില്ലുകൾ ക്ലിയർ ചെയ്യുന്നത് - 12,10,000/- രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.538/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2021

---

പരാമർശം:- 1 28.12.2020 -ലെ സ.ഉ.(സാധാ) നം.2438/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30.01.2021-ലെ ഫിൻ4/1 ഇ -120556/18 നമ്പർ കത്ത്.

3 17.02.2021-ലെ സ.ഉ.(സാധാ) നം.1453/2021/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപെട്ട പ്രവർത്തികൾക്കായി 2020-21 സാമ്പത്തിക വർഷം 3,63,13,000/-രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി തുകയിൽ ഇനി ചിലവഴിക്കാനായി അവശേഷിക്കുന്നത് 5,00,119/- രൂപ മാത്രമാണെന്നും ആയത് ഈ വർഷം തന്നെ ചെലവഴിക്കുന്നതാണെന്നും കൂടാതെ വിവിധ പ്രവർത്തികളുടെ ബില്ലുകളിന്മേൽ ജില്ലാകളക്ടർ നടപടിക്രമം പുറപ്പെടുവിച്ചതിൽ ഇനിയും 17,10,072/- രൂപ അനുവദിക്കാൻ ബാക്കിയുണ്ടെന്നും ആയതിന് 2217-01-800-94 എന്ന ശീർഷകത്തിൽ അധിക ധനാനുമതി അനുവദിക്കണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപെട്ട് 2020-21 വർഷത്തെ കുടിശ്ശിക ബില്ലുകൾ ക്ലിയർ ചെയ്യുന്നതിനായി പരാമർശം (3) ലെ ഉത്തരവ് പ്രകാരം അധികാനുമതി മുഖേന "2217-01-800-94" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച 12,10,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYASREE M**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

ജില്ലാ കളക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
ചീഫ് എൻജിനിയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ.) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (18.02.2021ലെ ഡെവ2/24/2019- ധന(1092996) പ്രകാരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ